(സി) ഭാരതപ്പുഴയുടെ പോഷക നദിയായ പാലാറിൽക്കൂടി ഒഴുകി എത്തുന്ന വെള്ളവും കൊണ്ടൂർ കനാൽ ഇന്റർസെപ്റ്റ് ചെയ്ത് നല്ലാറിൽ നിന്നും ആളിയാറിൽനിന്നും പോകുന്ന കൈവഴികളിലെ വെള്ളവുമാണ് സർക്കാർപതിയിൽ നിന്നല്ലാതെ തിരുമൂർത്തിയിൽ എത്തുന്നത്.

പറമ്പിക്കുളത്തെ വെള്ളമുപയോഗിച്ച് തമിഴ്നാടിന്റെ വിദ്യുച്ഛക്തി ഉല്പാദനം

82 [3470] ശ്രീ. ഡൊമിനിക് പ്രസന്റേഷൻ:
,, എൻ. ഡി. അപ്പച്ചൻ:
,, കെ. ബാബു:
,, ലൂഡി ലൂയിസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പറമ്പിക്കുളത്തെ വെള്ളമുപയോഗിച്ച് വൈദ്യുതിയുണ്ടാക്കുവാൻ പി. എ. പി. കരാറിൽ വ്യവസ്ഥയുണ്ടോ;

(ബി) ഈ വെള്ളമുപയോഗിച്ച് തമിഴ്നാട് വൈദ്യുതി ഉല്പാദിപ്പിക്കുന്നുണ്ടോ; എങ്കിൽ അത് കരാർലംഘനമാണോ;

(സി) എങ്കിൽ അതിനെതിരെ എന്ത് നടപടി എടുത്തു; ഒരു നടപടിയും എടുത്തില്ലെങ്കിൽ കാരണമെന്ത്; നാളിതുവരെ നടപടിയെടുത്തില്ലെങ്കിൽ ഇനിയും നടപടിയെടുക്കുമോ;

(ഡി) പി. എ. പി. മെയിൻ കരാറിന്റെയും ഉപകരാറുകളുടെയും അവലോകനം സംബന്ധിച്ചുള്ള അപ്പെൻഡിക്സ്, അനക്ഷർ എന്നിവയുടെ കോപ്പി ലഭ്യമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്. ഈ വെള്ളം ഉപയോഗിച്ച് സർക്കാർപതി പവ്വർഹൗസിൽ വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നത് കരാർലംഘനമല്ല. എന്നാൽ ഈ വെള്ളം തിരുമൂർത്തിയിലേക്ക് കൊണ്ടുപോയി തിരുമൂർത്തിക്ക് താഴെ ഒരു മിനി ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ട് പ്രവർത്തിപ്പിക്കുന്നുണ്ട്. ഇത് കരാർ ലംഘനമായി കണക്കാക്കുന്നു.

(സി) ഇത് തമിഴ്നാട് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇത് ഒരു ലംഘനമല്ല എന്നാണ് അവരുടെ നിലപാട്. പറമ്പിക്കുളം-ആളിയാർ പദ്ധതിക്കരാറിന്റെ പുനരവലോകന സമയത്ത് ഈ വിഷയം ചർച്ച ചെയ്ത് പരിഹരിക്കുന്നതിനുള്ള ശ്രമവും നടത്തി വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പറമ്പിക്കുളം-ആളിയാർ പദ്ധതിക്കരാറിന്റെ ഒരു പകർപ്പ് ഇതോടൊപ്പം വയ്ക്കുന്നു.

പറമ്പിക്കുളം-പദ്ധതിയിലെ അണക്കെട്ടുകളുടെ വെള്ളം അളക്കാൻ സംവിധാനം

83 [3471] ശ്രീമതി രാധാരാഘവൻ:
ശ്രീ. വർക്കല കഹാർ:
,, എ. പി. അനിൽകുമാർ:
,, ടി. എൻ. പ്രതാപൻ:
,, തേറമ്പിൽ രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പറമ്പിക്കുളം പദ്ധതിയിലെ മൂന്ന് അണക്കെട്ടുകളിൽനിന്നും സംഭരിക്കുന്ന വെള്ളമെല്ലാം തുണക്കടവിൽ നിന്നും തമിഴ്നാട്ടിലെ സർക്കാർ പദ്ധതിയിലേക്ക് കൊണ്ടുപോകുന്നുണ്ടോ;

(ബി) അതിനുവേണ്ടി ഒരു കനാൽ നിർമ്മിച്ചിട്ടുണ്ടോ;

(സി) ഈ കനാലിൽ വച്ച് വെള്ളമളക്കുവാൻ എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ എന്തുകൊണ്ട്;

(ഇ) ഇവിടെവച്ച് മറ്റൊരു സ്ഥലത്തേക്ക് വെള്ളം കടത്താൻ മാർഗ്ഗമുണ്ടോ;

(എഫ്) എങ്കിൽ ഇവിടെവച്ച് സർക്കാർ പദ്ധതിയിലേക്കും ഇതുവഴി ആളിയാറിലേക്കും തിരുമൂർത്തിയിലേക്കും എത്രവെള്ളം ദിവസവും കൊണ്ടുപോകുന്നു എന്ന് അളക്കുവാനുള്ള ഏർപ്പാടുണ്ടാക്കുമോ;

(ജി) ഇല്ലെങ്കിൽ കാരണം വിശദീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഒരു ലീഡിംഗ് ചാനലും ടണലും നിർമ്മിച്ചിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഇ) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly